(ബി) ഉണ്ടെങ്കിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചത് ;

(സി) എന്ന് മുതൽക്കാണ് ഈ വർദ്ധനവ് ;

(ഡി) വർദ്ധിപ്പിച്ച തുക ഓർഫനേജുകൾക്ക് നൽകി തുടങ്ങിയിട്ടുണ്ടോ ?

(ഇ) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ് ;

(എഫ്) ഈ തുക എപ്പോൾ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-എഫ്) ഇല്ല, അനാഥാലയങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് 100 രൂപയിൽ നിന്നും 125 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള ഗ്രാന്റ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗക്ഷേമ പ്രവർത്തനങ്ങൾ

50 (2048) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഇ) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ 1995-ലെ വികലാംഗ (തുല്യ അവസരം, അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം) നിയമത്തിലെ 60-ാം ചട്ടപ്രകാരം നിയമിച്ച സ്റ്റേറ്റ് കമ്മീഷൻ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരമുള്ള എല്ലാ വികലാംഗക്ഷേമ പ്രവർത്തനങ്ങളും നടപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും അവ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. വികലാംഗർക്കായി ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും അവരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. വികലാംഗരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമത്തിനുംവേണ്ടി ബന്ധപ്പെട്ട സർക്കാരുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉണ്ടാക്കിയതോ പുറപ്പെടുവിച്ചതോ ആയ നിയമങ്ങൾ, ചട്ടങ്ങൾ, ബൈലാകൾ, റഗുലേഷനുകൾ, നിർവ്വഹണ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കാതിരിക്കൽ തുടങ്ങിയവ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ബന്ധപ്പെട്ട അധികൃതരുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ച് നിയമാനുസൃതമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹത്തെ സഹായിക്കാനായി ഒരു കമ്മീഷണറേറ്റും രൂപീകരിച്ചിട്ടുണ്ട്. വികലാംഗക്ഷേമ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ കേന്ദ്ര നിയമമനുസരിച്ചുള്ള ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചു കഴിഞ്ഞു. ഇവ നടപ്പിലാക്കുന്നതോടെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായ പുരോഗതി പ്രാപിക്കും.

റാന്നിയിൽ വൃദ്ധജന ഭവനം സ്ഥാപിക്കുവാൻ നടപടി

51 (2049) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധജനങ്ങളെ പാർപ്പിക്കുവാൻ ഏതൊക്കെ ജില്ലകളിലാണ് വൃദ്ധജന ഭവനങ്ങൾ ആരംഭിച്ചിട്ടുള്ളത് ;

(ബി) പത്തനംതിട്ട ജില്ലയിൽ എന്തുകൊണ്ടാണ് വൃദ്ധമന്ദിരങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നത് ;

(സി) വൃദ്ധമന്ദിരം ആരംഭിക്കുവാൻ ജനപ്രതിനിധികളുടെയും വൃദ്ധജന സംഘടനകളുടെയും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുവാൻ എന്തൊക്കെ തടസ്സങ്ങളാണ് ഉണ്ടായത് ;

(ഇ) സർക്കാർ മന്ദിരം ഇല്ലാത്തതിനാൽ ജില്ലയിൽ സ്വകാര്യ വൃദ്ധമന്ദിരങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വൃദ്ധസദനങ്ങളുടെ ഒരു ഡസനിലധികം യൂണിറ്റുകൾ പ്രവർത്തിക്കുന്ന റാന്നിയിൽ സർക്കാർ മന്ദിരം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly